**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 616**
**19.03.2013–ലെ മറുപടിക്ക്**
**അർഹമായ ശമ്പളം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | ഇരിട്ടി സബ് ട്രഷറിയിലെ പി.റ്റി.സി.എം ശ്രീ.കൊയ്യോടൻ രാജന് പേരാവൂർ സബ് ട്രഷറിയിൽ പി.റ്റി.സി.എം ആയിരുന്ന സമയത്ത് നൽകിയ വേതനം തിരിച്ചു പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഇരിട്ടി സബ് ട്രഷറിയിലെ പി.റ്റി.സി.എം ആയ ശ്രീ.കൊയ്യോടൻ രാജൻ പേരാവൂർ സബ് ട്രഷറിയിൽ പി.റ്റി.സി.എം ആയിരുന്ന സമയത്ത് അധികം നൽകിയ വേതനം തിരിച്ചു പിടിച്ചിട്ടുണ്ട്. |
| ബി) | പുതിയ സ്ഥലത്ത് സ്വീപ്പിങ്ങ് മേഖല കുറവാണെന്ന് പറഞ്ഞ് വാങ്ങിക്കൊണ്ടിരിക്കുന്ന വേതനം തിരിച്ചു പിടിക്കാൻ പാടില്ലെന്ന എന്തെങ്കിലും ഓർഡർ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | 25.11.2005ലെ സ.ഉ (പി) നം:501/2005/ധന ഉത്തരവ് പ്രകാരം ഒരു ഓഫീസിലെ സ്വീപ്പിംഗ് ഏരിയ പുനർ നിർണ്ണയം നടത്തുമ്പോൾ, സ്വീപ്പിംഗ് ഏരിയ 100 $m^2$ ന് മുകളിൽ ആയിരുന്നത് 100$m^2$ൽ താഴെയും 400 $m^2$ ന് മുകളിൽ ആയിരുന്നത് 400 $m^2$ ൽ താഴെയും വന്നാൽ തദവസരത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പറുടെ വേതനത്തിൽ കുറവു വരുത്തേണ്ടതില്ലെന്നും ടിയാൾ വാങ്ങിക്കൊണ്ടിരിക്കുന്ന വേതനം തന്നെ തുടർന്നും നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ടി തസ്തികയിലെ അടുത്ത ഒഴിവിലേക്ക് നിയമിതനാകുന്ന വ്യക്തിക്ക് ടി ആനുകൂല്യം ലഭിക്കില്ല. സ്വമേധയാ മറ്റൊരു ഓഫീസിലേക്ക് ട്രാൻസ്ഫർ വാങ്ങി പോകുന്ന വ്യക്തിക്ക് മേൽപ്പറഞ്ഞ ആനുകൂല്യം ബാധകമാക്കാറില്ല. |
| സി) | ശ്രീ.കൊയ്യോടൻ രാജന് അർഹതയുള്ള ശമ്പളം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ? | ശ്രീ.കൊയ്യോടൻ രാജന് അർഹതയുള്ള ശമ്പളമാണ് ഇപ്പോൾ ട്രഷറി വകുപ്പിൽ നിന്നും നൽകിക്കൊണ്ടിരിക്കുന്നത്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്